# യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം

കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651

ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in


നം. യു.എൽ.എഫ്/എം.ടി.വൈ/ജി/1863/2019 | മണ്ണുത്തി, തീയതി 12. 01.2026

## നോട്ടീസ്

കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് & ഡെവലപ്പ്മെൻറ് സ്കീമിൻറെ ആഭിമുഖ്യത്തിൽ ആറ് മാസം ദൈർഘ്യമുള്ള സ്റ്റൈപെൻ്റോട് കൂടിയ പരിശീലന പരിപാടിയായ ഫോഡർ ക്രോപ്പ് ഡെവലപ്പ്മെൻറ് ആർമി 2026 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു അപേക്ഷകർ കേരളത്തിൽ നിന്നുള്ളവരും, 18 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരും, നല്ല കായിക ക്ഷമതയുള്ളവരും ആയിരിക്കണം സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം.

ഈ പരിശീലന പദ്ധതിയുടെ സവിശേഷതകളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

1. ശാസ്ത്രീയമായി കൃഷി രീതികളിലൂടെ തീറ്റപ്പുൽ കൃഷി ചെയ്യാൻ പഠിക്കുകയും ആ സമ്പ്രദായം മറ്റുള്ളവർക്ക് പകരാനുള്ള കഴിവും ഈ പരിശീലനത്തിലൂടെ നേടുന്നു.
2. വിവിധ തരം കമ്പോസ്റ്റുകളും വളങ്ങളും നിർമ്മിക്കാനുള്ള പരിജ്ഞാനം നേടുന്നു.
3. സൈലേജ് നിർമ്മാണം, മെഷിൻ ഗ്രാസ് കട്ടിങ്, ചാഫ് കട്ടിങ് എന്നിവയിലും പ്രായോഗിക പരിശീലനം നേടുന്നു.
4. സർവ്വകലാശാല നൽകുന്ന അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്നു.
5. പ്രതിമാസം 7500/- രൂപ സ്റ്റൈപെൻ്റായി ലഭിക്കുന്നതിലൂടെ പരിശീലനത്തോടൊപ്പം ചെറിയ ഒരു വരുമാനവും ലഭ്യമാകുന്നു.
6. പരിശീലന പരിപാടിയുടെ ഒറ്റ തവണ ഫീസ് 3500/- രൂപ അടക്കേണ്ടതാണ്.

ഈ പരിശീലനത്തിനായുള്ള നേരിട്ടുള്ള അഭിമുഖം 19.01.2026 രാവിലെ 11.00 മണിക്ക് നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർ, കായിക ക്ഷമത തെളിയിക്കുന്നതിനായി അസിസ്റ്റൻ്റ് സിവിൽ സർജൻ തസ്തികയിൽ കുറയാത്ത ഒരു മെഡിക്കൽ ഡോക്ടർ നൽകുന്ന ഫിസിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ട്രെയിനിങ്ങിന് പ്രവേശിക്കുന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്. സർക്കാർ അംഗീകരിക്കുന്ന വയസ്സ് തെളിയിക്കുന്ന രേഖ (SSLC/TC), ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും പകർപ്പും കൊണ്ടു വരേണ്ടതാണ്. ഈ പരിശീലനത്തിനായുള്ള സൗജന്യ അപേക്ഷ ഫോറം www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അല്ലെങ്കിൽ അന്നേ ദിവസം വരെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം, മണ്ണുത്തി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370302, 9846024361 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഒപ്പ്

കോഴ്സ് ഡയറക്ടർ

Fodder Crop Development Army,

ULF & FRDS,Mannuthy.

Phone No: 9846024361